LIBRARY ARCHIVES Kerala Legislative Assembly

പ്രവാസി സംഘടനകളുടെ ഏകോപനം

50 (5728) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവാസി സംഘടനകളുടെ ഏകോപനത്തിന് നോർക്ക നടപടി സ്വീകരിക്കുമോ ?

ഉത്തരം

പ്രവാസി സംഘടനകളുടെ ഏകോപനത്തിനു വേണ്ടി നോർക്ക വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. നോർക്കയുടെ ഫീൽഡ് ഏജൻസിയായ നോർക്ക - റൂട്ട്സിന്റെ 28-ാമത് ഡയറക്ടർ ബോർഡ്, പ്രവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനകളെ ഏകോപിപ്പിക്കുന്നതിനും അവയുടെ ശൃംഖല രൂപപ്പെടുത്തുന്നതിനുമായി, സുതാര്യവും നീതിയുക്തവുമായ പ്രവർത്തനങ്ങളിലൂടെ മികവു തെളിയിച്ചിട്ടുള്ള പ്രവാസി സംഘടനകളെ കണ്ടെത്തി അവയെ നെറ്റ്വർക്ക് ചെയ്യുന്നതിനു തീരുമാനിച്ചിട്ടുണ്ട്. പ്രവാസി സംഘടനകളുടെ ശൃംഖലാ രൂപികരണത്തിനായി താത്പര്യമുള്ള പ്രവാസി സംഘടനകളെ ക്ഷണിച്ചുകൊണ്ടുള്ള പത്രപ്പരസ്യവും നൽകിയിട്ടുണ്ട്.

വിദേശത്ത് പോകുന്നവർക്ക് ജോലി സാദ്ധ്യത

51 (5729) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് പോകുന്നവർക്ക് ജോലി സാദ്ധ്യത പരിഗണിച്ച് പരിശീലനങ്ങൾ നൽകുന്നത് ഏതെല്ലാം സ്ഥാപനങ്ങളുടെ സഹായത്തോടെയാണെന്നും ഇപ്പോൾ എവിടെയെല്ലാം ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കുമോ ;

(ബി) പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥിക്ക് എന്തെല്ലാം സഹായമാണ് നൽകിവരുന്നത് ;

(സി) ഇത്തരത്തിൽ എത്രപേർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട് ; അവരെല്ലാം വിദേശരാജ്യങ്ങളിൽ പോയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) വിദേശത്ത് പോകുന്നവർക്കുവേണ്ടി നോർക്ക-റൂട്ട്സ് മുഖാന്തിരം നിലവിൽ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം 16 ട്രേഡുകളിലായി 22

കോഴ്സുകൾ താഴെപ്പറയുന്ന 8 സ്ഥാപനങ്ങളിലായി 9 പരിശീലന കേന്ദ്രങ്ങൾ മുഖാന്തിരം നടത്തി വരുന്നുണ്ട്. സ്ഥാപനങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു.

മലപ്പുറം

1. ആമിന എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്, കൽപ്പകൻചേരി, മലപ്പുറം.
2. ജെംസ് ആർട്ട്സ് ആന്റ് സയൻസ് കോളേജ് , താമപുരം പി.ഒ, മലപ്പുറം
3. എം ഡി പി എസ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ. തിരൂർ, മലപ്പുറം
4. എം ഇ എസ് കോളേജ് ഓഫ് എൻജിനീയറിംഗ്, കുറ്റിപ്പുറം, മലപ്പുറം.

കണ്ണൂർ

5. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ട്രെയിനിംഗ് ആന്റ് ഡവലപ്മെന്റ്, ഇരിട്ടി, കണ്ണൂർ
6. സ്കിൽ സോൺ, കൈലാസ് കമേഴ്സ്യൽ കോംപ്ലക്സ്, കണ്ണൂർ.

കോട്ടയം

7. കേരള സോഷ്യൽ സർവ്വീസ് ഫോറം (മേരി മാതാ ഐ. റ്റി. സി, കടുതുരുത്തി ആന്റ് സെന്റ് ജോസഫ് ഐ റ്റി സി, കോട്ടയം)

തിരുവനന്തപുരം

8. വിജയ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജി, തിരുവനന്തപുരം.

(ബി) നോർക്ക - റൂട്ട്സ് നിലവിൽ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നൽകുന്ന കോഴ്സുകളുടെ ഫീസ് 5000 രൂപയാണ്. ഇതിൽ 1000 രൂപ മാത്രമേ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നുള്ളു. ബാക്കി 4000 രൂപ നോർക്ക - റൂട്ട്സാണ് നൽകുന്നത്.

(സി) നോർക്ക - റൂട്ട്സിന്റെ തൊഴിൽ വൈദഗ്ധ്യ പരിശീലന പദ്ധതിയുടെ ആദ്യഘട്ടത്തിൽ 657 പേർക്ക് പരിശീലനം നൽകുകയും, ലഭ്യമായ വിവരം അനുസരിച്ച് വിദേശത്ത് 47 പേർക്കും കേരളത്തിന് പുറത്ത് ഇന്ത്യയിൽ 73 പേർക്കും ജോലി ലഭിച്ചിട്ടുണ്ട്. രണ്ടാമത്തെ ബാച്ചിൽ 364 പേർക്ക് പരിശീലനം നൽകി വരുന്നുണ്ട്.

വിലക്കയറ്റ നിയന്ത്രണം

52 (5730) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2006 കാലത്തെ യു.ഡി.എഫ്. സർക്കാർ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എത്ര കോടി രൂപയുടെ ആശ്വാസ നടപടികളാണ് സ്വീകരിച്ചത് ;

(ബി) 2006-നുശേഷം ഇതുവരെ എത്ര കോടി രൂപയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly